**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3942** **06-08-2021 - ൽ മറുപടിയ്ക്ക്**

**മത്സ്യബന്ധന ഉപകരണങ്ങൾക്ക് ഇൻഷ്വറൻസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | പരമ്പരാഗത മത്സ്യമേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഈ മേഖലയിലുള്ളവർ ഉപയോഗിക്കുന്ന മത്സ്യബന്ധന ഉപകരണങ്ങൾക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ? | (എ) | ഉണ്ട്. അപകടത്തിൽപ്പെടുന്ന മത്സ്യബന്ധന യാനങ്ങൾക്ക് നഷ്ടപരിഹാരം ലഭ്യമാക്കുന്നത് സംബന്ധിച്ച് 2018 മുതൽ ഫിഷറീസ് വകുപ്പ് മത്സ്യബന്ധന ഉപകരണങ്ങൾക്കുള്ള ഇൻഷ്വറൻസ് പരിരക്ഷ പദ്ധതി നടപ്പിലാക്കി വരുന്നു. പദ്ധതി തുടങ്ങിയ 2018 സാമ്പത്തിക വർഷം ഹള്ളിന് മാത്രമായി ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കുന്നതിനാണ് വിഭാവനം ചെയ്തിരുന്നത്. എന്നാൽ 2019 മുതൽ യാനങ്ങൾക്ക് പുറമെ എൻജിനു കൾക്കും കൂടി ഇൻഷ്വറൻസ് കവറേജ് നടപ്പിലാക്കി വരുന്നു. ടി പദ്ധതിയിൽ സർക്കാർ വിഹിതം 90% ആണ്. 2018 വർഷം 647, 2019 വർഷം 858, 2020 വർഷം 926 എന്ന കണക്കിൽ യാനങ്ങൾ ടി പദ്ധതിയിൽ അംഗങ്ങളായിട്ടുണ്ട്. 2018 മുതൽ e-tenderലൂടെ തെരഞ്ഞെടുത്ത United India Insurance Company മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്. നിശ്ചിത വിലയുടെ 1.5%+taxഎന്ന രീതിയി ലാണ് പ്രീമിയം കണക്കാക്കി 2018-19 സാമ്പത്തിക വർഷം മുതൽ പദ്ധതി നടപ്പിലാക്കിയിരുന്നത്. 2020 സാമ്പത്തിക വർഷം മുതൽ നിശ്ചിത വിലയുടെ 1.3%+tax എന്ന രീതിയിലാണ് പ്രീമിയം അടവാക്കി പദ്ധതി നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ